**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 6218** **09.07.2013-ൽ മറുപടിക്ക്.**

## ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ മോട്ടോർ ട്രാൻസ്പോർട്ട് വിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. പാലോട് രവി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ മോട്ടോർ ട്രാൻസ്പോർട്ട് വിംഗ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) ഈ വിംഗിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | : (എ) & (ബി)<br><br>ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ മോട്ടോർ ട്രാൻസ്പോർട്ട് വിംഗ് രൂപീകരിച്ചിട്ടുണ്ട്. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിലെ വാഹനങ്ങൾക്ക് 25,000/-രൂപ വരെ വരുന്ന തുകയ്ക്ക് യന്ത്രഭാഗങ്ങൾ വാങ്ങുന്നതിനും 25,000/- രൂപ വരെയുള്ള അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് സ്റ്റേഷൻ ഓഫീസർ (മോട്ടോർ ട്രാൻസ്പോർട്ട്)നെ അധികാരപ്പെടുത്തിയിരിക്കുന്നതിനാൽ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള കാലതാമസം ഒഴിവാക്കാനാകും. വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള അനുമതി നൽകുക (എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്), വാഹനങ്ങളുടെ നിരാകരണം, ഇന്ധന ഉപഭോഗ പരിശോധന, വീക്ക്‌ലി റിപ്പോർട്ട് പരിശോധന, വർക്ക് ബില്ലുകൾ സൂക്ഷ്മ പരിശോധന നടത്തുക, വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനും ഫാബ്രിക്കേറ്റ് ചെയ്യുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള സാങ്കേതിക അംഗമായി പ്രവർത്തിക്കുക തുടങ്ങിയ ജോലികൾ സ്റ്റേഷൻ ഓഫീസർ (മോട്ടോർ ട്രാൻസ്പോർട്ട്)ൽ നിക്ഷിപ്തമാണ്. ആകയാൽ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി കൂടാതെ തന്നെ വകുപ്പുതല വാഹനങ്ങളുടെ സംരക്ഷണം സാദ്ധ്യമാകും. |

(മറുപുറം)

(സി) ഏതെല്ലാം വകുപ്പുമായി ചേർന്നാണ് ഈ വിംഗ് പ്രവർത്തിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

: (സി) വകുപ്പിലെ വാഹനങ്ങൾ സംബന്ധിച്ച് വിംഗിന് സ്വതന്ത്ര ചുമതലയാണ് നൽകിയിട്ടുള്ളത്. എന്നാൽ വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ചും കാലപ്പഴക്കം സംബന്ധിച്ചും മോട്ടോർ വെഹിക്കിൾ, പൊതുമരാമത്ത് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടതുണ്ട്.